# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 331 10.04.2013-ലെ മറുപടിയ്ക്ക്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാം വാർഷിക പദ്ധതി

**ചോദ്യം**

ശ്രീ.എം.ചന്ദ്രൻ
ശ്രീ.എം.ഹംസ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.സി.കെ.സദാശിവൻ

**ഉത്തരം**

ഡോ: എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി)

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സ്പിൽ ഓവർ പ്രോജക്ടുകളും അവയ്ക്ക് ആവശ്യമായി വേണ്ടി വരുന്ന തുകയും സംബന്ധിച്ച് വിശദമാക്കാമോ ;

(എ) 2012-13 വാർഷിക പദ്ധതിയിൽ പൂർത്തീകരിച്ച എല്ലാ പ്രോജക്ടുകളുടെയും പൂർത്തീകരണ പത്രം തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ സ്പിൽ ഓവർ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് നിർണയിക്കാൻ കഴിയുകയുള്ളൂ. പൂർത്തീകരണ പത്രം തയ്യാറാക്കാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്നതേയുള്ളൂ. അവയ്ക്കുശേഷം മാത്രമേ സ്പിൽ ഓവർ പ്രോജക്ടുകളും അവയ്ക്ക് ആവശ്യമായ തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(ബി) സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള 2013-14 വർഷത്തേക്കുള്ള വാർഷിക പദ്ധതി പുതുക്കി തയ്യാറാക്ക

(ബി) മുകളിൽ പറഞ്ഞ പ്രകാരം സ്പിൽ ഓവർ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ചു കഴിഞ്ഞാൽ അവ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള 2013-14-ലേക്കുള്ള വാർഷിക പദ്ധതി

| | | | |
|---|---|---|---|
| | പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; രണ്ടാം വാർഷിക പദ്ധതിയും സ്പിൽ ഓവർ പദ്ധതിയും ഉൾപ്പെടെ ഈ വർഷത്തെ മൊത്തം പദ്ധതി തുക എത്ര; | | പുതുക്കി തയ്യാറാക്കി അംഗീകാരം നേടുന്നതിന് 2013 മേയ് 31 വരെ സമയപരിധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക് ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്ന വികസന ഫണ്ട് 4000 കോടി രൂപയും തനി വിഹിതം 3866.09 കോടി രൂപയും ആണ്. |
| (സി) | 2013-14 വാർഷിക പദ്ധതിയുടെ അംഗീകാരം നൽകലും നിർവ്വഹണവും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കാമോ? | (സി) | സർക്കാരിന്റെ 04.02.2013-ലെ സ.ഉ (എം.എസ്)47/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2013-14 വാർഷിക പദ്ധതി അന്തിമമാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>1. ഒന്നാം വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചതിൽ നിർവ്വഹണം ആരംഭിക്കാത്തതിനാലോ നിർവ്വഹണം പൂർത്തീകരിക്കാത്തതിനാലോ സ്പിൽ ഓവർ പ്രോജക്ടായി രണ്ടാം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടവ ഏതെല്ലാം എന്നും ഓരോന്നിനും രണ്ടാം വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന തുക എത്ര എന്നും ഭരണസമിതി തീരുമാനിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തണം..<br><br>2. ഭേദഗതിയില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകൾ ഭരണസമിതി തീരുമാനപ്രകാരം നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഭേദഗതിയുള്ള സ്പിൽ |

ഓവർ പ്രോജക്ടുകൾ അംഗീകാരം നൽകിയ മേലുദ്യോഗസ്ഥനിൽ നിന്നും ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം നേടിയശേഷമേ നടപ്പിലാക്കാവൂ.

3. വർക്കിംഗ് ഗ്രൂപ്പുകളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ശുപാർശകളുടെ അടിസ്ഥാനത്തിലായിരിക്കണം സ്പിൽ ഓവർ പ്രോജക്ടുകൾ ഏതൊക്കെയെന്ന് തീരുമാനിക്കേണ്ടത്.

4. രണ്ടാം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സ്പിൽ ഓവർ പ്രോജക്ടുകളും അവയ്ക്ക് ആവശ്യമായ തുകയും തീരുമാനിക്കപ്പെട്ടു കഴിഞ്ഞാൽ 2013-14-ൽ സംസ്ഥാന ബഡ്ജറ്റ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാവുന്ന വിവിധ ഫണ്ടുകളുടെ കൃത്യമായ തുകകളുടെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് 2013-14 വാർഷിക പദ്ധതി പുതുക്കി തയ്യാറാക്കേണ്ടതും അന്തിമമാക്കേണ്ടതുമാണ്.

5. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയ പുതിയ പ്രോജക്ടുകൾക്കും(പുതിയവ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ) മേലുദ്യോഗസ്ഥരിൽ നിന്ന് അംഗീകാരം ആവശ്യമായ സ്പിൽ ഓവർ

പ്രോജക്ടുകളുണ്ടെങ്കിൽ അവയ്ക്കും അംഗീകാരം നേടിയശേഷം അന്തിമ രണ്ടാം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണം.

6. പുതുക്കിയ രണ്ടാം വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയിൽ നിന്ന് അംഗീകാരം നേടേണ്ട അവസാന തീയതി 2013 മേയ് 31 ആണ്.

സെക്ഷൻ ഓഫീസർ